# ദേശീയ ജലപാത നിർമ്മാണം: പ്രതിഷേധം വ്യാപകമാകുന്നു

**കൊല്ലം** മുതൽ നീലേശ്വരം വരെ നീളുന്ന ദേശീയ ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ മുന്നോട്ടുപോകുമ്പോൾ പദ്ധതിക്കെതിരെ എതിർപ്പുകൾ വ്യാപകമാകുന്നു. കോവളം മുതൽ ബേക്കൽ വരെയുള്ള 11 ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് 610 കിലോമീറ്ററിൽ ടൂറിസം ലക്ഷ്യമിട്ട് ജലപാത കൊണ്ടുവരാൻ ശ്രമിക്കുകയാണ് കേരളസർക്കാർ. നിലവിലുള്ള കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത മൂന്നിനെ കൊല്ലത്ത് നിന്ന് കോവളം വരെയും കോട്ടപ്പുറത്ത് നിന്ന് കാസർഗോഡ് വരെയും ദീർഘിപ്പിക്കാനാണ് പദ്ധതി. കനാലുകളുടെ വീതിയും ആഴവും കൂട്ടുന്നതിനോടൊപ്പം കനാലുകൾ ഇല്ലാത്തയിടങ്ങളിൽ കൃത്രിമ ജലപാത നിർമ്മിച്ച് പുഴകൾ തമ്മിൽ ബന്ധിപ്പിക്കാനാണു ഉദ്ദേശിക്കുന്നത്. പദ്ധതി ചിലവിന്റെ കാര്യത്തിൽ 49 ശതമാനം ഓഹരി കേരളസർക്കാരും 49 ശതമാനം കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡും (സിയാൽ) 2 ശതമാനം സ്വകാര്യ ഏജൻസിക്കുമാണ്. ജലപാതയുടെ പേരിൽ പതിനായിരക്കണക്കിന് കുടുംബങ്ങളാണ് കുടിയൊഴിപ്പിക്കപ്പെടാൻ പോകുന്നത്. കോഴിക്കോട് നഗരത്തിൽ 14 മീറ്റർ വൺവെ ജലഗതാഗതം നിർമ്മിക്കുന്നതിന് വേണ്ടി മാത്രം 530 വീടുകളും 110 കടകളുമാണ് ഒഴിപ്പിക്കാൻ പോകുന്നത്. 40 മീറ്റർ വീതിയിൽ കനാലുകൾ നിർമ്മിക്കാൻ മാത്രം 2800 വീടുകൾ ഒഴിപ്പിക്കേണ്ടി വരും. കോട്ടപ്പുറത്ത് നിന്ന് കാസർഗോഡ് വരെ 15 റെയിൽ പാളങ്ങൾ, 92 റോഡ് പാലങ്ങൾ, 64 കാൽനട പ്പാലങ്ങളും തടയണകളും, 5 പൈപ്പ് ലൈനുകളും 3 തൂക്ക് പാലങ്ങളും, വൈദ്യുതി ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടി വരും. ഇതിനെല്ലാം കൂടി കണക്കാക്കിയ 2300 കോടി രൂപ പര്യാപ്തമാകില്ല. പാരിസ്ഥിതിക-സാമ്പത്തിക-സാമൂഹ്യ പഠനങ്ങളൊന്നും പദ്ധതിയെക്കുറിച്ച് നടന്നിട്ടില്ല. ആഴത്തിൽ മണ്ണ് കുഴിച്ചെടുക്കുന്നത് ജലജീവികളുടെ അതിജീവനത്തെ സാരമായി ബാധിക്കും. കക്ക, ചെമ്മീൻ തുടങ്ങിയ ജീവികളെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്ന നിരവധി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാകും. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തപ്പെടും. കളിമണ്ണും മണലും വലിയ അളവിൽ ഖനനം ചെയ്യപ്പെടും. പതിനായിരങ്ങളെ കുടിയിറക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതി വിശദീകരിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. ജലപാതയ്ക്കെതിരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സമരങ്ങളെ ഏകോപിപ്പിച്ച് ദേശീയ ജലപാത മൂന്ന്-പരിസ്ഥിതി സംരക്ഷണ സമിതി എന്ന പേരിൽ നിയമ-ജനകീയ പ്രക്ഷോഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## കെ.ജി. രഘുരാമന് ആദരാഞ്ജലികൾ



എഴുത്തുകാരനും പത്രപ്രവർത്തകനും കഥാകൃത്തും സ്വതന്ത്രചിന്തകനുമായ കെ.ജി രഘുരാമന് ആദരാഞ്ജലികൾ. നാലുപതിറ്റാണ്ടുകാലമായി കേരളത്തിന്റെ സാംസ്കാരിക പരിസരങ്ങളിൽ നിശബ്ദസാന്നിദ്ധ്യമായിരുന്നു രഘുരാമൻ. 'സുകൃതം', 'സരോവരം' തുടങ്ങിയ മാസികകൾ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ തൃശൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു. എൻ. പ്രഭാകരൻ, ഒ.വി വിജയൻ എന്നിവരുടെ എഴുത്തുകൾ എം. ഗോവിന്ദൻ, കെ.ജി.എസ്, എൻ. ശശിധരൻ, വി.ആർ കൃഷ്ണയ്യർ എന്നിവരുമായുള്ള ഇന്റർവ്യൂകൾ, ചാർളി ചാപ്ലിന്റെ ജീവിതകഥ എന്നിവയെല്ലാം 'സുകൃതം' മാസികയെ ശ്രദ്ധേയമാക്കി.

## മാദ്ധ്യമ ഫെലോഷിപ്പ് എൽ. സുരേഷിന്

കേരളീയം ഏർപ്പെടുത്തുന്ന 10-ാമത് ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാദ്ധ്യമ ഫെലോഷിപ്പിന് സുരേഷ്. എൽ അർഹനായി. 'പാരിസ്ഥിതിക തകർച്ചകളും വിഭവക്കൊള്ളയും അട്ടപ്പാടിയിലെ ആദിവാസി ജനതയെ തകർത്തത് എങ്ങനെ?' എന്ന വിഷയത്തെക്കുറിച്ചുള്ള പഠനത്തിനാണ് സുരേഷിന് ഫെലോഷിപ്പ് നൽകിയത്. 10,010 രൂപയാണ് ഫെലോഷിപ്പ് തുക. തൃശൂർ കേരള വർമ്മ കോളേജിൽ രണ്ടാംവർഷ ബിരുദ വിദ്യാർത്ഥിയാണ് അട്ടപ്പാടി സ്വദേശിയായ സുരേഷ്. 2018 ജൂൺ 28 ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ. ഛത്തീസ്ഗഡിലെ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റും ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ മുൻ അദ്ധ്യാപികയുമായ ബേല ഭാട്ടിയ സുരേഷിന് തുക കൈമാറി.


## കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
**ഇന്ത്യയിൽ** : 300 രൂപ, **സ്ഥാപനങ്ങൾക്ക്** : 600 രൂപ
**വിദേശത്തേക്ക്** : 1200 രൂപ.
**കൂട്ടായ്മ അംഗത്വം** : 15,000 രൂപ.
**ആജീവനാന്ത വരിസംഖ്യ** : 10,000 രൂപ.

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943



## കേരളീയം ഡിജിറ്റൽ ആർക്കൈവ്

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം ഡൗൺലോഡ് ചെയ്യുന്നതിനും കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന ഈ ഡിജിറ്റൽ ആർക്കൈവ് സൗകര്യമൊരുക്കുന്നു.
സന്ദർശിക്കുക:
www.keraleeyammasika.com


